# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5987 — 19/11/2019-ൽ മറുപടിക്ക്

## മണ്ണാർക്കാട് മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസുകൾ

| | ചോദ്യം<br><br>**ശ്രീ.എൻ. ഷംസുദ്ദീൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി. യുടെ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; | (എ)<br>&<br>(ബി) | സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്രകിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000 ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് വിഭജനത്തിനായി പരിഗണിക്കുന്നത്.<br>എന്നാൽ പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും മണ്ണാർക്കാട് മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ- ൽ നടന്നു വരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി കെ.എസ്.ഇ.ബി.എൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ പുതുതായി അനുവദിക്കുവാൻ ഉദ്ദേശിക്കുന്ന സെക്ഷൻ ഓഫീസുകളുടെ വിശദാംശം വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ